**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4038** **16.03.2017-ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ ഹോസ്റ്റലുകൾ**

**ചോദ്യം**
**ശ്രീ.സി. ദിവാകരൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ അത്യാവശ്യസാധനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യുനിസെഫ് നിഷ്കർഷിച്ച മാതൃകയിൽ നവീകരണം നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇതിനായി എത്ര തുക അനുവദിച്ചെന്നും നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതിയും വ്യക്തമാക്കുമോ? | ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളുടെ നവീകരണത്തിനായി, വാങ്ങലുകൾക്ക് 45,53,667/-രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3,27,94,206/-രൂപയും അനുവദിച്ചിട്ടുണ്ട്. അനുമതി നൽകിയ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2016-17 സാമ്പത്തികവർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി വിവിധ കണക്കു ശീർഷകങ്ങളിലായി 5,79,44,237/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആകെ 59 പ്രവൃത്തികൾക്കാണ് 2016-17 സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുള്ളത്. അവയിൽ 36 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 23 പ്രവൃത്തികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ